WEEK -2

# Weekly Devotion - February 2019
# Heavenly Worship
## (സ്വർഗീയ ആരാധന)



ഭൗമീകമനുഷ്യന് സ്വർഗീയമണ്ഡലത്തിലെ ആരാധനയിൽ പങ്കാളിയാകുവാൻ സാധിക്കണമെകിൽ ഒന്നാമതായി നമ്മുടെ ആരാധന ജീവനും വിശുദ്ധിയും ദൈത്തിന് പ്രസാദവുമുള്ള യാഗമായിരിക്കണം.രണ്ടാമതായി ഭൗമീകമായ സകലത്തിനും ഉപരിയായി നന്ദിയുള്ള ഹൃദയത്തോടെ സ്തുതി സ്തോത്രത്രങ്ങളർപ്പിക്കണം. മൂന്നാമതായി എല്ലാ ജഢീകജമ്പങ്ങളെയും യാഗമാക്കണം ആരാധന (worship) എന്ന വാക്കിലെ അക്ഷരങ്ങൾ ശ്രദ്ധിക്കുക.

W- wait upon the lord - (ദൈവത്തിനായി കാത്തിരിക്കുക)

O - offer our lives as a living sacrifice -(നമ്മുടെ ജീവിതത്തെ ജീവനുള്ള ആരാധനയായി സമർപ്പിക്കുക.

R- Rest in His presence (അവന്റെ സാന്നിദ്ധ്യത്തിൽ  വിശ്രമം)

S- Sing un to Him (അവന് പാടുക)

H - Humble ourselves before him (അവന്റെ മുൻപിൽ നമ്മെത്തന്നെ താഴ്ത്തുക)

I - Intimacy with god (ദൈവവുമായുള്ള ദൃഢബന്ധം)

P - Pleasing him (ദൈവത്തെ സന്തോഷിപ്പിക്കുക)

നമ്മുടെ പ്രവർത്തികളും പ്രവർത്തനങ്ങളും ആരാധനകളായി മാറിയാൽ നാം അനുഗ്രഹിക്കപ്പെടുകയും സ്വർഗം സന്തോഷിക്കുകയും ചെയ്യും.

പതിനേഴാം വയസ്സിൽ ദൈവത്തെ സ്വന്തരക്ഷിതാവായി സ്വീകരിച്ച ഒരു യുവാവിനെ വീട്ടുകാർ പുറത്താക്കി. അഹോവൃത്തിക്ക് വകയില്ലാതായിട്ടും ദൈവം നല്ലവനെന്ന് തന്റെ അധരം കൊണ്ട് പ്രസ്താവിച്ചവനെ സഹായിപ്പാൻ ഒരു മനുഷ്യനെ ദൈവം അയച്ചു . ഇരുമ്പുസാധനങ്ങൾ വില്ക്കുകയും പഴയ സാധനങ്ങൾ വാങ്ങുകയും ചെയ്യുന്ന ജോലി വിശ്വസ്തനായി ചെയ്തവനായി മാറി അവൻ, എന്നാൽ തന്റെ ജോലി ചെയ്യുമ്പോഴും യഹോവയെ സാക്ഷിപ്പാനോ ദശാംശം നൽക്കുവാനോ മറക്കാത്തവനെ, ആരാധന മുടക്കാത്തവനെ ദൈവം മാനിച്ചു. പിൽക്കാലത്ത് അവൻ ഒരു ബിസിനസ്സുകാരനായി മാറി.

ആരാധനയുടെ പുർണ്ണതനിറഞ്ഞയിടമായ സ്വർഗത്തിലെ ആരാധന കണ്ട യോഹന്നാൻ തന്റെ അനുഭവം രേഖപ്പെടുത്തിയതു ചിന്തിയ്ക്കാം. ആത്മവിവശതയിലായ യോഹന്നാനോട്  'കയറിവരിക' എന്ന് കല്പിച്ച നിർദ്ദേശം അനുസരിച്ചതാണ് ആരാധനയുടെ  പൂർണത ദർശിപ്പാൻ ഇടയായത്. അനുസരണത്തിന് വിശ്വാസം ആവശ്യമാണ്. അതായത് സർവ്വശക്തനിൽ വിശ്വാസമുള്ളവന്  മാത്രമേ അദ്ദേഹത്തെ പൂർണമായി അനുസരിപ്പാൻ കഴിയുകയുള്ളൂ   (റോമ 1:6)

സ്വർഗത്തിലെ ആരാധകരായ  നാലു ജീവികളുടെ സ്ഥാനം എവിടെ എന്ന് വെളി (4:6)ൽ  കാണുന്നു. സിംഹാസനം എന്ന വാക്ക് ഏകവചനമായി ഉപ

യോഗിച്ചിരിക്കുന്നു. വെളി (4:6) അനുസരിച്ച് ബഹുവചനം ആയി ഉപയോഗിക്കേണ്ടതല്ലേ എന്ന് തോന്നാം. എന്നാൽ ദൈവസഭ പല അവയവങ്ങൾ ചേർന്ന ഒരു ശരീരം പോലെയാകയാൽ,ദൈവസഭയുടെ പ്രതിനിധികളായ 24 മൂപ്പന്മാർ പല സിംഹാസനങ്ങളിൽ ഇരുന്നാലും അർത്ഥത്തിൽ അത് ഒരു സിംഹാസനമാണ്.

ആരാധനയ്ക്കായി നാം ഒന്നിച്ചു കുടുമ്പോഴും ഒരേ മനസ്സോടെ ക്രിസ്തുവിനെ ആരാധിപ്പാൻ നമുക്ക് കഴിയുന്നണ്ടോ ?

നാല് എന്ന സംഖ്യ ഭുമിയുടെ നാല് ദിക്കുകളുടെയും, ഭൂമിയിലെ നാല് ഋതുക്കളുടെയും പ്രതീകങ്ങളാണ്. മഹാനായ keats എന്ന കവിയുടെ ഭാവനയിൽ 20 വയസ്സുവരെയുള്ള കാലയളവ് മനുഷ്യന് വസന്തകാലവും, 40 വയസ്സുവരെയുള്ള കാലയളവ് വേനൽക്കാലവും, 40 മുതൽ 60 വയസ്സുവരെയുള്ള കാലം ഇലപൊഴിയും കാലവും, 60 മുതൽ മുകളിലോട്ടുള്ള കാലം ശൈത്യകാലമായി "Human seasons" എന്ന കവിതയിൽ രേഖപ്പെടുത്തിയിരിക്കുന്നു അതേ ! മോർച്ചറിയുടെ തണുപ്പിലെത്തും മുമ്പുള്ള ശൈത്യകാലത്തല്ല ആ നല്ല വസന്തത്തിൽ തന്നെ ദൈവത്തെ ആരാധിപ്പാൻ നമുക്ക് കഴിയുകയും അത് തുടരുകയും ചെയ്യണം

നാലു ജീവികൾ വ്യത്യസ്തത പുലർന്നവരാണ്. കൈകളില്ലാത്ത ഈ നാലു ജീവികൾക്ക് മുമ്പുറവും പിമ്പുറവും കണ്ണ് നിറഞ്ഞിരിക്കുന്നവരാണ്. ഇത് അവരുടെ ബുദ്ധിശക്തിയേയും,ത്രികാല സംഭവങ്ങളിലേക്കുള്ള നീരീക്ഷണ പാടവത്തേയും കാണിക്കുന്നു.

സിംഹം, കാള, മനുഷ്യൻ,കഴുകൻ എന്ന നാലു ജീവികളോട് ഇവയ്ക്ക് സാദൃശ്യമുണ്ട് .നാല് ജീവികൾ സകലസൃഷടികളുടേയും പ്രതീകങ്ങളാണ് എബ്രായഭാഷയിൽ സിംഹം എന്ന വാക്കിന്റെ മൂലപദത്തിന് ഗർജ്ജിക്കുക അഥവാ അലറുക എന്ന് അർത്ഥമുണ്ട്. സിംഹഗർജ്ജനം സമുദ്രത്തിന്റെ അലർച്ചയോട് താരതമ്യം ചെയ്യുമ്പോൾ കാളയെ സകല കര ജിവികളുടെയും

പ്രതീകമായി കാണുന്നു. കഴുകൻ സകല ജാതികളുടെയും പ്രതീകമാണ്. ഉല്പ:(1:28) അനുസരിച്ച് സകല സൃഷ്ടികളെയും അടക്കി വാഴുന്നതിന്റെ പ്രതീകമാണ് മനുഷ്യൻ.

വീണ്ടെടുപ്പിന്റെ ഗാനം പാടുന്ന ഇവർ കെരുമ്പുകളോ, സാറാഫുകളോ അല്ല. രാപകൽ വിശ്രമം കുടാതെ അതുച്ചത്തിൽ പാടി പരിശുദ്ധനെ ഇവർ മഹത്വപ്പെടുത്തുന്നു. ഉറക്കവും, മരണവും മനഷ്യന് നിശ്ചയമായ കാര്യങ്ങളാകയാൻ പ്രകൃതിയോ, നാല് ജീവികളോ ആരാധിക്കുന്നതു പോലെ മനുഷ്യൻ ആരാധിക്കുന്നില്ല. നാല് സുവിശേഷങ്ങളെ നാല് ജീവികളോട് താരതമ്യപ്പെടുതുന്നവരുമുണ്ട്. ക്ഷണികമായ ആയുസ്സിൽ അലസത വെടിഞ്ഞ് പ്രീയനെ ആരാധിപ്പാൻ നമുക്ക് കഴിയുമോ ? കൈത്താളത്തോടെ ഈ ദൂമിയിൽ വച്ചു തന്നെ വിശ്വാസത്തോടെ ആരാധിച്ച്, സ്വർഗീയ മണ്ഡലത്തിലെത്തി താതന്റെ മുഖംകണ്ട് ആരാധിപ്പാൻ ദൈവം സഹായിക്കട്ടെ.

Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind